അദ്ധ്യായം 5

# നിഗമനങ്ങൾ ഉപദർശനങ്ങൾ

5.1 ആദിവാസികലകളുടെ വികാസപരിണാമങ്ങൾ, സവിശേഷതകൾ, ആദിവാസിസമൂഹങ്ങളിൽ കലകൾക്കുള്ള പ്രാധാന്യം എന്നിവയെക്കുറിച്ചു നിഷ്കൃഷ്ടമായ പഠനം നടത്തി കണ്ടെത്തിയ കാര്യങ്ങളാണ് ഇവിടെ സമാഹരിച്ചിരിക്കുന്നത്.

## 1. പരിവർത്തന പ്രവണതകൾ

5.2 ആദിവാസികളുടെ പാരമ്പര്യകലാരൂപങ്ങൾ ദ്രുതഗതിയിൽ രൂപമാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. അവതരണത്തിന്റെ അഭാവംമൂലം പല കലാരൂപങ്ങളും ഇല്ലാതാവുകയും ചെയ്യുന്നു. പാരമ്പര്യകലാരൂപങ്ങളുടെ പരിണാമത്തിന്റെ ചാലകശക്തികൾ പ്രധാനമായും രണ്ടാണ്.

1. സർക്കാർ-സർക്കാരിതര ഉദ്ധാരണ പ്രവർത്തനങ്ങൾ.
2. ഗിരിവർഗ്ഗേതരസമൂഹങ്ങളുമായുള്ള സംസർഗ്ഗം.

5.3 ഈ രണ്ടു ചാലകശക്തികൾ സൃഷ്ടിച്ച പരിവർത്തന പ്രവണതകൾ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിച്ചതു കലാരൂപങ്ങളെയാണ്. വിദ്യാലയങ്ങളിൽ തമിഴും മലയാളവും പഠനമാദ്ധ്യമമാക്കിയപ്പോൾ ആദിവാസികളുടെ തനതുഭാഷയിൽ ക്രമാതീതമായ വ്യതിയാനം സംഭവിച്ചതും, അന്യസമൂഹങ്ങളുമായുള്ള സംസർഗ്ഗം മൂലം സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ രീതീകരണശ്രമങ്ങൾ (Stylysations) ഉണ്ടായതും പരമ്പര്യകലകൾക്കു ലോപം വന്നതിന്റെ കാരണങ്ങളാണ്.

## 2. ഭാഷയിലുണ്ടായ വ്യതിയാനം

5.4 ഏതു ജനതയ്ക്കും സ്വന്തം സാംസ്കാരികോൽക്കർഷത്തിൽ ഊറ്റം കൊള്ളണമെങ്കിൽ അവരുടെ വികാരവിചാരങ്ങളെ ഉദ്ദീപിപ്പിച്ചിട്ടുള്ള പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും വീരാപദാനങ്ങളുമെല്ലാം എന്നും തെളിവോടെതന്നെ സമൂഹത്തിൽ നിലനിന്നുപോരണം. ഇതുവരെയുള്ള സാംസ്കാരിക വളർച്ച ഏതൊരു ഭാഷയിലൂടെ സാധിച്ചെടുത്തുവൊ ആ ഭാഷയുടെ നാശം ഇക്കാര്യത്തിനു പ്രതിബന്ധമായി നില്ക്കും. മാത്രമല്ല, സ്വന്തം ഭാഷ നഷ്ടപ്പെടുന്നതോടെ ഉണ്ടാവുന്ന സാംസ്കാരികത്തകർച്ച സമൂഹത്തിന്റെ ആത്മബലത്തെയും ബാധിക്കും.

5.5 മറ്റു ജനവിഭാഗങ്ങളുമായി നിരന്തരം ഇടപഴകുന്ന ആദിവാസിസമൂഹങ്ങൾ ആധുനികസമൂഹത്തിൽ നിന്നും സാംസ്കാരികമൂലകങ്ങളോടൊപ്പം ഭാഷയും സ്വാംശീകരിക്കുന്നു. സംസ്കാരത്തിലും ജീവിതരീതി

യിലും വന്ന മാറ്റങ്ങൾ സ്വാഭാവികമായും അവരുടെ ആചാരാനുഷ്ഠാനങ്ങളെയും ബാധിക്കുന്നു. അങ്ങനെ അനുഷ്ഠാനനിബദ്ധമായ കലാരൂപങ്ങൾ പുതിയ രൂപം സ്വീകരിക്കുകയൊ ഇല്ലാതാവുകയൊ ചെയ്യുന്നു. ഗോത്രപാരമ്പര്യലക്ഷണമുള്ള കലാരൂപങ്ങൾ ഇടുക്കി ജില്ലയിലെ ആദിവാസികളിൽ കുറഞ്ഞുവരുന്നത് ഇതിനൊരു തെളിവാണ്. ഭാഷയുടെ സ്വനിമം, രൂപിമം, പദം, വാക്യഘടന എന്നിവയിൽ സങ്കലനഫലമായി വന്ന മാറ്റം ഇവരുടെ സംഗീതരീതികളിലും തെളിഞ്ഞു കാണുന്നു.

5.6 മലയരയ സമുദായമാണ് ഏറ്റവുമധികം പരിവർത്തന വിധേയമായിട്ടുള്ളത്. ഭാഷാപൂർണ്ണത കൈവരിച്ച സ്തോത്രങ്ങളും കാവ്യങ്ങളുമാണു തങ്ങളുടെ സംഗീതപാരമ്പര്യത്തിന്റെ മഹിമയ്ക്ക് ഉദാഹരണമായി അവരെടുത്തു കാട്ടുന്നത്. അതുപോലെ സമകാലികസംഭവങ്ങളുടെ വിവരണാത്മകങ്ങളായ ഗാനങ്ങൾ സ്വയം രചിച്ചാണ് കമ്പുകളിക്കും ചവിട്ടുകളിക്കും ഉപയോഗിക്കുന്നത്. ഒരുകാലത്തു വംശോല്പത്തിയെക്കുറിച്ചും വംശമഹിമയെക്കുറിച്ചുമുള്ള പാട്ടുകൾ തങ്ങൾക്കു ധാരാളമുണ്ടായിരുന്നതായി ആവേദകനായ കെ.കെ. കേശവൻ പറഞ്ഞു. ആ പാട്ടുകളൊന്നും ഇപ്പോൾ പ്രചാരത്തിലില്ല. മലയരന്മാരിലെ പുതിയ തലമുറയിലുള്ളവർ ഭൂരിഭാഗവും സർക്കാർ-സർക്കാരിതര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണ്. ഒരു കാലത്തു നല്ല കർഷകരായിരുന്ന ഇവരിൽ കാർഷികസംസ്കാരം അസ്തമിച്ചുകഴിഞ്ഞു. കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പൂണ്ടൻകിള, കിളയൂട്ട് തുടങ്ങിയ ആഘോഷങ്ങൾക്ക് ഇന്നു പ്രസക്തി ഇല്ലാതായിരിക്കുന്നു. ഈ രീതിയിൽ മലയരയന്മാർക്കു വന്ന മാറ്റത്തിനു സമാനമായുള്ളതാണ് ഉള്ളാടന്മാർക്കു വന്ന മാറ്റവും.

5.7 ഊരാളികൾക്കിടയിൽ ദേശഭേദമനുസരിച്ചു ഭാഷാഭേദവും കലകളിൽ പ്രകാരഭേദങ്ങളും വന്നതു ചെറിയ ഒരു കാലയളവുകൊണ്ടു മാത്രമാണ്. തമിഴ് പാരമ്പര്യമുള്ളവരായിരുന്നു ഊരാളികൾ. പെരിയാർ നദീതടത്തിൽ നിവസിച്ചുവന്നിരുന്ന ഊരാളികളെ ഇടുക്കി പദ്ധതിക്കു വേണ്ടി കുടിയൊഴിപ്പിച്ചു പല സ്ഥലങ്ങളിലേയ്ക്കും മാറ്റുകയാണുണ്ടായത്. ഇതിൽ മൂലമററം പതിപ്പിള്ളി ഭാഗത്തേയ്ക്കു താമസം മാറ്റിയ ഊരാളികൾക്കു സ്വന്തം ഭാഷയും ആചാരരീതികളും പാരമ്പര്യകലാരൂപങ്ങളും നഷ്ടപ്പെട്ടതു വളരെ വേഗത്തിലായിരുന്നു. മറ്റുള്ള ദേശങ്ങളിലുള്ളവരാകട്ടെ (ഇഞ്ചപ്പാറ, വെൺമണി, പഴയരിക്കണ്ടം, കഞ്ഞിക്കുഴി തുടങ്ങിയ സ്ഥലങ്ങളിലുള്ളവർ) ഇന്നും പാരമ്പര്യരീതിയിലുള്ള കലാസാംസ്കാരികസ്വരൂപങ്ങളെ പരിപൂർണ്ണമായി കൈവിട്ടിട്ടില്ല.

5.8 മുതുവാൻ, പളിയ, മലപ്പുലയ വർഗ്ഗങ്ങളിൽ തമിഴ് ഭാഷയോടും ആഖ്യാന ശൈലിയോടും ആഭിമുഖ്യമുള്ള പാട്ടുകളും ആട്ടങ്ങളും കൂടിവരികയാണ്. യാത്രാസൗകര്യം വർദ്ധിച്ചതോടെ തമിഴ്നാടുമായി കൂടുതൽ ബന്ധം പുലർത്താൻ കഴിഞ്ഞത് ഈ മാററത്തിന്റെ ആക്കം കൂട്ടിയിട്ടുമുണ്ട്. തമിഴ് ഭാഷയിലുള്ള മാരിയമ്മൻസ്തുതികളും പഴനിമുരുകൻ സ്തുതികളും ഇവർക്കിടയിൽ ധാരാളമായി പ്രചരിച്ചിട്ടുണ്ട്. കരഗാട്ടത്തിന്റെയും ആണ്ടിയാട്ടത്തിന്റെയും വരവിനു നായാട്ടുനൃത്തങ്ങളും മത്താട്ടം, ശെലമ്പടിക്കളി തുടങ്ങിയ അനുഷ്ഠാനകലാരൂപങ്ങളും വഴിമാറിക്കൊടുത്തു. ഉത്സവവേളകളിൽ പമ്പമേളവും നാദസ്വരവും സർവ്വസാധാരണയായിട്ടുണ്ട്. സമീപകാലത്തു മാത്രമുണ്ടായ പരിവർത്തനങ്ങളാണിതെല്ലാം. ഇതിന്റെയെല്ലാം പരിണതഫലമായി ആദിവാസികലാരൂപങ്ങളുടെ അന്തഃസത്ത എന്തെന്നറിയാൻ നിർവ്വാഹമില്ലാത്ത ഒരു കാലഘട്ടമാണു താമസംവിനാ സംജാതമാകുന്നത്. ഈ

ഗതിവിഗതികൾക്ക് അപവാദമായിട്ടുള്ളത്, പരിഷ്കാരത്തിന്റെ വരവിനെ വേണ്ടുംവിധം സ്വാഗതം ചെയ്യുന്നവരാണെങ്കിലും മന്നാന്മാർ മാമൂലുകളിലുള്ള ദൃഢവിശ്വാസം മൂലം തങ്ങളുടെ കലാരൂപങ്ങളെ ഇന്നും കാര്യമായ മാറ്റം കൂടാതെ നിലനിറുത്തിക്കൊണ്ടു വരുന്നുവെന്നതാണ്.

### 3. രീതികരണശ്രമങ്ങൾ

5.9 വിശ്വാസപ്രമാണങ്ങളുടെയും ആചാരങ്ങളുടെയും കെട്ടുപാടുകൾ ആദിവാസികളുടെ കലകളിലുണ്ട്. പാരമ്പര്യത്തിന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചാണ് ഇത്തരം കലകൾ പുഷ്ടി പ്രാപിച്ചിട്ടുള്ളത്. അതിനാൽ സന്ദർഭത്തിന്റെയും (Context) നൈസർഗ്ഗികപശ്ചാത്തലത്തിന്റെയും സ്വാഭാവികത മാറ്റിയാൽ ഇത്തരം പരാമ്പര്യകലകൾക്കു ദൃശ്യശക്തി ഇല്ലാതായിത്തീരും. ആദിവാസിമേളകളിലെയും ടെലിവിഷൻ പരിപാടികളിലെയും മറ്റ് ആഘോഷവേളകളിലെയും രംഗാവതരണങ്ങൾക്കായി രീതികരണം നടത്തി വികസിപ്പിച്ചെടുക്കുമ്പോൾ തനതു സ്വരൂപത്തിന്റെ തനിമ നഷ്ടപ്പെട്ട പ്രാകൃതകോലമായി ആദിവാസികലകൾ അധഃപതിച്ചുപോകുന്നു.

5.10 ആദിവാസിഗാനങ്ങളിൽ പ്രതിപാദ്യ വിഷയത്തിനാണു കൂടുതൽ പ്രാധാന്യമുണ്ടായിരുന്നത്. പ്രതിപാദ്യത്തിന്റെ ഔപയോഗികഘടകങ്ങൾക്കാണവിടെ പ്രസക്തി. എന്നാൽ ദൃശ്യ-ശ്രാവ്യഘടകങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടാണ് ആധുനികവൽക്കരണം നടത്തുന്നത്. വർണ്ണശബളിമയാർന്ന ഉടുത്തുകെട്ടുകളും മാസ്മരസംഗീതവും ചേർത്തു പ്രകടനം മികവുറ്റതാക്കാൻ ശ്രമിക്കുകയാണിവിടെ. ഇതിനായി ഹാർമ്മോണിയം, തബല മുതലായ വാദ്യോപകരണങ്ങളും പ്രകടനത്തിലുപയോ

ഗിക്കുന്നു. ഇങ്ങനെ ചേർത്തുവയ്ക്കുന്ന തിയ്യേട്രിക്കൽ ഘടകങ്ങൾ തുടർന്നും തങ്ങളുടെ കലാരൂപങ്ങളിൽ നിലനിറുത്തുകയാണ് അവതാരകന്മാർ ചെയ്യുന്നത് .

5.11 കല ഒരു തൊഴിലും ഉപജീവന മാർഗ്ഗവുമായി സ്വീകരിക്കുന്നവരുടെ എണ്ണവും ആദിവാസികൾക്കിടയിൽ കൂടിവരുന്നു. വട്ടവടയിലുള്ള മുതുവാന്മാർക്കും പതിപ്പിള്ളിയിലെ മലയരയ, ഊരാളി സമുദായക്കാർക്കും ഇതിനായി മാത്രമുള്ള കലാസംഘങ്ങളുമുണ്ട്. ഇവർ തങ്ങളുടെ കലാരൂപങ്ങളിൽ ആസ്വാദകനെ ആകർഷിക്കാനാവശ്യമുള്ള ഘടകങ്ങൾ ഒരടിസ്ഥാനവുമില്ലാതെ കൂട്ടിച്ചേർക്കുന്നു.

## 4. ഗിരിവർഗ്ഗേതര സമൂഹങ്ങളുമായുള്ള സംസർഗ്ഗം

5.12 ഇടുക്കി ജില്ലയിലെ ആദിവാസികൾക്കു സുദീർഘമായ ഒരു പാരമ്പര്യമാണുള്ളത്. എന്നാൽ ആധുനികസമൂഹത്തിന്റെ ആകർഷണീയമായ പ്രവണതകളുമായി ഇടപെടുമ്പോൾ പാരമ്പര്യം അവർക്കു നഷ്ടപ്പെടുന്നു. പ്രത്യേകമായ ജീവിതഘടനയുടെ ഉൽപന്നമാണ് അവരുടെ കലാസൃഷ്ടികൾ. അതിനാൽ തനതു ജീവിതക്രമത്തിൽ വരുന്ന ഏതു മാറ്റവും സ്വാഭാവികമായി കലകളെയും ബാധിക്കുന്നു. ഇതര സമൂഹങ്ങളിലുള്ളവർ ശ്രോതാക്കളാവുമ്പോൾ ഗ്രാമ്യപ്രയോഗങ്ങളും ഭാഷാതീതശബ്ദങ്ങളും പാട്ടിൽ വന്നുപോകാതിരിക്കാൻ ഇവർ പ്രത്യേകം ശ്രദ്ധിക്കുന്നു. പാരമ്പര്യകലാരൂപങ്ങൾക്ക് അതിന്റെ നൈസർഗ്ഗികഭാവം ഈ വിധത്തിലും നഷ്ടപ്പെടുന്നുണ്ട്. പരിഷ്കാരോന്മുഖമായ ജീവിതത്തിന്റെ സ്വാഭാവികപരിണാമമാണിത്.

5.13 ഗ്രാമ്യമായ വിശ്വാസങ്ങൾ ശരിയല്ലെന്നു തോന്നിത്തുടങ്ങിയതിന്റെ ഫലമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംഗീതവിശേഷമാണു മുതുവാന്മാരുടെ ആശൈപ്പാട്ടുകളും കൊണ്ടകെട്ട്-ഉറുമാൽകെട്ട് പാട്ടുകളും. കാട്ടിലൊളിച്ചിരിക്കുന്ന വധുവിനെ തെരഞ്ഞുകണ്ടുപിടിച്ചു മാലയിടുന്ന രീതിയാണു മുതുവാന്മാർക്കുണ്ടായിരുന്നത്. അതിനോടനുബന്ധിച്ചാണ് ആശൈപ്പാട്ടുകൾ പാടിവന്നിരുന്നത്. ഈ സമ്പ്രദായത്തെ വളരെ അവജ്ഞയോടെയാണിപ്പോൾ മുതുവാന്മാർ നോക്കിക്കാണുന്നത്. സാധാരണ രീതിയിലുള്ള വിവാഹസമ്പ്രദായം ഇവർക്കിടയിൽ വ്യാപകമായിത്തുടങ്ങിയിട്ടുണ്ട്. ഇതിലെ ചടങ്ങുകളിലാകട്ടെ ആശൈപ്പാട്ടുകൾക്കു യാതൊരു സ്ഥാനവുമില്ലതാനും. പെൺകുട്ടികൾക്കു കൊണ്ടകെട്ടുന്നതും ആൺകുട്ടികൾക്കു ഉറുമാൽകെട്ടുന്നതുമായ സമ്പ്രദായങ്ങളും അവസാനിച്ചു തുടങ്ങിയതോടെ ആ അവസരങ്ങളിൽ മാത്രം പാടുന്ന പാട്ടുകൾക്കും പ്രസക്തിയില്ലാതായി.

5.14 കൃഷിഭൂമി ജണ്ട കെട്ടിത്തിരിച്ച് നിജപ്പെടുത്തിയതോടെ മാറ്റക്കൃഷി (Shifting Cultivation) നടത്താനാവാതായി. പരിമിതമായ സ്ഥലത്തുമാത്രം കൃഷി ചെയ്തുകൊണ്ട് ഉപജീവനം സാദ്ധ്യമല്ലാതായ സാഹചര്യത്തിൽ മലപ്പുലയന്മാർ പുറത്തുള്ള തൊഴിലുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തുടങ്ങി. ഇതോടെ അവരുടെ കുറുമൻകളിയും ഇല്ലാതാവാൻ തുടങ്ങി. മാറ്റക്കൃഷിയുമായി ബന്ധപ്പെട്ട ഒരു വിഷയമാണു കുറുമൻകളിയുടെ പ്രതിപാദ്യം. പരിഷ്കാരോന്മുഖമായ ജീവിതത്തിന്റെ ഈവിധമുള്ള സ്വാഭാവികപരിണാമം ഏറ്റക്കുറച്ചിലുകളോടെ എല്ലാ വർഗ്ഗങ്ങളെയും ബാധിച്ചിട്ടുണ്ട്.

5.15 ആദിവാസികളുടെ എല്ലാ ആഘോഷപരിപാടികളും രാത്രി

യിൽ മാത്രം നടത്തുന്നു.

കൂടുതൽ വൈവിദ്ധ്യമുള്ള കലാരൂപങ്ങൾ ഊരാളി സമുദായക്കാർക്കാണുള്ളത്.

പരിഷ്കാരപ്രവണതകൾ മന്നാന്മാരുടെ കൂത്തിനെ തീരെ ബാധിച്ചിട്ടില്ല.

ഊരാളികളുടെ കലാരൂപങ്ങൾക്കാണു കൂടുതൽ പ്രാദേശികഭേദമുള്ളത്.

മലയരയന്മാർക്കും ഉള്ളാടന്മാർക്കും ഗോത്രപാരമ്പര്യ രീതിയിലുള്ള കലാരൂപങ്ങൾ ഇല്ല.

ഗോത്രപാരമ്പര്യമുള്ള കലാരൂപങ്ങളുടെ അവതരണത്തിൽ സമൂഹത്തിലെല്ലാവരും ഭാഗഭാക്കുകളാവുന്നു.

ആധുനികവൽക്കരിച്ച കലാരൂപങ്ങളുടെ അവതരണം പരിശീലനം നേടിയവർ മാത്രം നടത്തുന്നു.

5.16 ബാഹ്യപ്രകൃതിയുടെയും പെരുമാറ്റത്തിന്റെയും കാര്യത്തിൽ മറ്റു ഗോത്രക്കാരെ അപേക്ഷിച്ചു വളരെ പിന്നോക്കമാണ് ഇടുക്കിയിലെ മലമ്പണ്ടാരങ്ങളുടെ നില. അതിനാൽ പശ്ചിമഘട്ടത്തിന്റെ മദ്ധ്യഭാഗത്തും പടിഞ്ഞാറെച്ചെരുവിലും വസിച്ചുവന്നിരുന്ന മലയരയന്മാരും ഉള്ളാടന്മാരും ഊരാളികളും അന്യോന്യം സാമൂഹികവും സാംസ്കാരികവുമായി സമ്പർക്കത്തിലേർപ്പെട്ടപ്പോഴും മലമ്പണ്ടാരങ്ങളെ ഹീനജാതിക്കാരായി കണക്കാക്കി അകറ്റിനിറുത്തി. അതുകൊണ്ടുണ്ടായ, ആശയസംക്രമണത്തിന്റെ അപര്യാപ്തതയുടെ ഫലമായി വളരെ നിമ്നമായ ഒരു സാംസ്കാരികാവസ്ഥയാണ് ഇവർക്കിന്നുമുള്ളത്. മലമ്പണ്ടാരങ്ങളുടെ സമൂഹത്തിൽ വ്യക്തമായ കലാരൂപങ്ങളൊന്നും ഉരുത്തിരിയാതെ പോയത് ഇതുകൊണ്ടാണ്.

5.17 തങ്ങളുടെ പരമ്പരാഗതമായ ഗോത്രസംസ്കാരം സൂക്ഷിച്ചു സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെന്തെന്ന് ആദിവാസികളിൽത്തന്നെ പലർക്കും ബോധ്യം വന്നിട്ടുണ്ട്. അത് ആശാവഹമായ ഒരു വസ്തുതയാണ്. അതിനുവേണ്ടി സംഘടിച്ചു പ്രവർത്തിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു. മുതുവാസമുദായക്കാർ 'മുതുവാമഹാസംഗമം' നടത്താൻ ഒരുക്കങ്ങളിട്ടിട്ടുള്ളത് ഈ ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ടാണ്. വാത്തിക്കുടി മന്നാൻ കോളനിയിലെ കാണിയായ സൂര്യൻമന്നാൻ തങ്ങളുടെ പഴംപാട്ടുകൾ ശേഖരിക്കാനുള്ള ശ്രമത്തിലാണിപ്പോൾ. വെൺമണിയിൽ ഊരാളിമാർക്കു സംഘടനയുണ്ട്. സാമൂഹികമായ കെട്ടുറപ്പിനോടൊപ്പം പാരമ്പര്യകലാരൂപങ്ങളുടെ സംരക്ഷണവും ഇതിന്റെ ലക്ഷ്യമാണെന്നു സംഘടനയിലെ പ്രധാനിയായ വിജയൻ (വെൺമണിക്കുടി) പറഞ്ഞു.

5.18 ഒരു പഴയ കാലഘട്ടത്തിന്റെ ചിന്താശൈലിയുടെ ധൈഷണികവും വൈകാരികവുമായ ഈ സൃഷ്ടികൾ നാശോന്മുഖമാകാതെ നിലനിൽക്കണമെങ്കിൽ ഈ രീതിയിലുള്ള ശ്രമങ്ങൾ കൂടുതൽ വികസ്വരവും ഊർജ്ജസ്വലവുമാവുകതന്നെവേണം.

●

# അനുബന്ധം

## ഊരാളികളുടെ പാട്ടുകൾ

### 1. അങ്ങാടിപ്പാട്ട്

(വിഢ്ഢിയായ ഒരാൾ പൂജാസാമഗ്രികൾ വാങ്ങുവാനായി അങ്ങാടിയിൽ പോകുന്നു. അളവുകളുടെയും തൂക്കങ്ങളുടെയും കണക്കറിയാഞ്ഞ് എല്ലാം മൊത്തമായി വാങ്ങാൻ ശ്രമിക്കുകയാണ് അയാൾ. വിനോദത്തിനായി പാടുന്ന ഒരു പാട്ടാണിത്).

താനാന താനാനിന തന
താനാന താനാനിന
തുണ്ടോടെ തൂക്കുപുകല1
മാചകൻ പൂജകളും ചെയ്കിറാനേ
-താനാന താനാനിന
തുണ്ടോടെ തൂക്കുപുകല
കുടത്തോടെ കക്കാചുണ്ണാ2
-താനാന താനാനിന
കുടത്തോടെ കക്കാചുണ്ണാ
കുലയോടെ ചെമ്പഴുക്കാ
-താനാന താനാനിന
കുലയോടെ ചെമ്പഴുക്കാ3
കെട്ടോടെ വെറ്റിലയും
-താനാന താനാനിന തന

---

1. കടുപ്പമേറിയ പുകയില 2. ചണ്ണാമ്പ് 3. അടയ്ക്കാ.

കെട്ടോടെ വെറ്റിലയും
കൊത്തോരു തേങ്കാളിയും
-താനാന താനാനീന
കുലയോടെ വാളപ്പളം
കച്ചരിക്കാ ചെറുകടലേം
-താനാന താനാനീന
കച്ചരിക്കാ ചെറുകടലേം
മാചകൻ പൂജകളും ചെയ്കിറാനേ
താനാന താനാനീനാ തന
താനാന താനാനീന

## 2. മധുര യാത്ര

(മധുരമീനാക്ഷിക്ഷേത്രത്തിൽ ദർശനത്തിനു പോകുമ്പോൾ കണ്ട കാഴ്ചകൾ വർണ്ണിക്കുന്നു).

താനേ നാനേ താനാനീനേ നാനെ
താനേ താനേ താനാ നീനേ
വിട്ടെറിഞ്ചേ ചാമി വിട്ടെറിഞ്ചേ
[1]ലോകാലോകയും വിട്ടെറിഞ്ചേ
-താനേ നാനേ

---

1. ഓരോരോ ദേശവും കടന്നുപോയി

ലോകാലോകയും വിട്ടെറിഞ്ചേ ചാമി
മൂന്നാറ്റിടവും[1] വിട്ടെറിഞ്ചേ
മൂന്നാറ്റിടവും വിട്ടെറിഞ്ചേ
ചായേക്കാനവും[2] വിട്ടെറിഞ്ചേ
-താനേ നാനേ
ചായേക്കാനവും വിട്ടെറിഞ്ചേ ചാമി
തേവീകുളത്തിടവും[3] വിട്ടെറിഞ്ചേ
തേവീകുളത്തിടവും വിട്ടെറിഞ്ചേ
ആനേക്കാനവും[4] വിട്ടെറിഞ്ചേ
-താനേ നാനേ
ആനേക്കാനവും വിട്ടെറിഞ്ചേ ചാമി
പാണ്ടിപ്പട്ടണവും വിട്ടെറിഞ്ചേ
പാണ്ടിപ്പട്ടണവും വിട്ടെറിഞ്ചേ
ചാമാവയലും വിട്ടെറിഞ്ചേ
-താനേ നാനേ
ചാമാവയലും വിട്ടെറിഞ്ചേ ചാമി
ചമ്പാകവയലും[5] വിട്ടെറിഞ്ചേ
ചമ്പാകവയലും വിട്ടെറിഞ്ചേ
തേനിപ്പട്ടണവും വിട്ടെറിഞ്ചേ
-താനേ നാനേ

---

1. മൂന്നാർ 2. ചായത്തോട്ടം 3. ദേവികുളം 4. ആനക്കാടുകൾ 5. നെൽവയൽ.

തേനീപ്പട്ടണവും വിട്ടെറിഞ്ഞേ ചാമി
മതിരലോകയും വിട്ടെറിഞ്ഞേ
മതിരലോകയും വിട്ടെറിഞ്ഞേ
മതിരക്കോയിലയും വിട്ടെറിഞ്ഞേ
-താനേ നാനേ
വിട്ടെറിഞ്ഞേ ചാമി വിട്ടെറിഞ്ഞേ
ലോകാലോകയും വിട്ടെറിഞ്ഞേ
താനേ നാനേ താനാനീനേ നാനേ
താനേ നാനേ താനാനീനേ.

## 3. ഊരിൽ നിന്ന് ഊരിലേയ്ക്ക്.

(കൂത്തു നടത്തുവാനായി ദൂരെയൊരു സ്ഥലത്തേയ്ക്ക് ഊരുകൾ പലതും താണ്ടി പോകുന്നു).

തിനിത്തും തിന്തോ താനേ നാനേ
താനീന താനേ നാനേ
കീരിപ്ലാ[1]ത്തോട്ടത്തിലെ
[2]പന്തിരണ്ടു മന്നാമ്മാര്
ഉശിരായി വാറാറെടാ
[3]പണമെടുത്തു വാറാറെടൊ
- തിനിത്തും തിന്തോ

1. കീരിപ്ലാവ് എന്ന സ്ഥലം 2. പന്ത്രണ്ടു മന്നാന്മാർ
3. കൂലിവാങ്ങി വരുന്നുണ്ട്.

ഇമ്പമുള്ള നഗരമ്പാറ

[1]മേലിരിക്കും മേലീശമ്മാർ

[2]കീളിരിക്കും കീളിശമ്മാർ ഓരേ

തേടിവരും എഞ്ചീശനും[3]

-തിനിത്തും തിന്തോ

കരിമ്പനളയും[4] പതിനാറും[5]

മുന്നാലെ വാത്തിക്കുടി

തെക്കുപക്കം കണ്ണമ്പടി

താഴുന്പക്കം പാറേടിടം

-തിനിത്തും തിന്തോ

കൂരമ്മേലെകൂര[6] പള്ളിക്കൂടം

[7]പള്ളിക്കൂടം പഠിത്ത മകാനും

പുത്തകയും[8] കൈയിയെടുത്തേ

[9]കയ്യിവീചി പുറപ്പെട്ടാനെ

-തിനിത്തും തിന്തോ

## 4. പുത്തിയില്ലാത്ത മൂത്തൻ

മാമലമേലെ കേറീ മുത്തൻ

മാമലമേലെ മാളം കണ്ടു

മാളം മാന്തിയെടുത്തു മുത്തൻ

മാളത്തിനുള്ളീ പെരുംചാഴി

---

1. മേലുദ്യോഗസ്ഥന്മാർ 2. കീഴുദ്യോഗസ്ഥന്മാർ 3. എഞ്ചിനീയർ 4. കരിമ്പൻ 5. പതിനാറാംകണ്ടം 6. രണ്ടുനിലക്കെട്ടിടം 7. സ്കൂളിൽ പഠിക്കുന്ന കുട്ടി 8. പുസ്തകം 9. കയ്യും വീശിപുറപ്പെട്ടു.

പെരുംചാഴിയെ പട്ടക്കടിച്ചു
കൂടുപാളയ്ക്കുള്ളിൽ കൂട്ടിപ്പൊതിഞ്ഞു
അലുക്കിറക്കാൻ ആറ്റിലിറങ്ങി
കഴുകച്ചൻ പാളയും റാഞ്ചി
മാമലമേലൊരു മുത്തൻ
കൊല്ലാനുണ്ടൊരു ശത്തി
തിന്നാനില്ലൊരു പുത്തി

## 5. നാൻ ശൊല്ലും കാരിയം കേട്ടാണ

(എല്ലാവരും മലയിലേയ്ക്കു പോകുമ്പോൾ അവരുടെ കൂടെ പോകാതെ തന്നെക്കാത്തു വീടിനു പുറകിൽ കാത്തുനിൽക്കണമെന്നു കാമുകൻ കാമുകിയോടു ശട്ടംകെട്ടുന്നു).

ഏലേലയ്യ ഏലയ്യയ്യ
ഏലേലയ്യ ഏലയ്യ
മാന്താച്ചരുവിലും ഉടിൽപൊട്ടും[1] വളയിലും
കാട്ടിലെ നീരളവും[2] നൂറോനിപൊന്തളവും[3]
തേടിപ്പോണോരെ ഏലയ്യ
-ഏലേലയ്യ ഏലയ്യയ്യ
പച്ചോലക്കാനത്തിൽ പൊന്നു വെളയിക്കും
മണ്ണോടു മക്കള് ഏലയ്യ
മലനാട്ടു തമ്പിരാക്കൾ മീച പിരിക്കുമ്പോൾ
മലയോടിപ്പോണോരെ ഏലയ്യ
-ഏലേലയ്യ ഏലയ്യയ്യ

1 ഉരുൾപൊട്ടൽ 2. വെള്ളത്തിന്റെ ഉറവ 3. നൂറോൻകിഴങ്ങുള്ള സ്ഥലം

[1]ചൂരിയൻ പൊന്തുമ്പോൾ കാനകം കേറീട്ടു
കഞ്ഞിയും കത്തിയുമായി[2] പോണോരേ
[3]ഇരുട്ടിലുറങ്ങിയ മലയുടെ നേരെ
[4]ചൂരിയൻ വീചിയ വെള്ളയായി
-ഏലേലയ്യ ഏലയ്യയ്യ
എന്നാണപ്പെണ്ണാളെ മലയീപ്പോവാത
[5]നാൻ ശൊല്ലും കാരിയം കേട്ടാണ
പഞ്ചാനിച്ചോലയീ എല്ലാവെരും പോയുമ്പോൾ
പിന്തപ്പുറത്തു[6] നാൻ പാത്തിരുന്നോത്തും
-ഏലേലയ്യ ഏലയ്യയ്യ
തന്തയും തള്ളയും വേട്ടയ്ക്കു പോയുമ്പോ
വന്നാണെ പന്തെടെ പിൻപൊറാമേ[7]
എന്നാണപ്പെണ്ണാളെ മലയീപ്പോവാത
നാൻ ശൊല്ലും കാരിയം കേട്ടാണ
ഏലേലയ്യ ഏലയ്യയ്യ
ഏലേലയ്യ ഏലയ്യ
ഏലേലയ്യ ഏലയ്യയ്യ
ഏലേലയ്യ ഏലയ്യ
എന്നാണപ്പെണ്ണാളെ മലയീപ്പോവാത
നാൻ ശൊല്ലും കാരിയം കേട്ടാണ

---

1. സൂര്യനുദിക്കുമ്പോൾ കാട്ടിൽ കയറുന്നു 2. വാക്കത്തി 3. രാത്രിയിലുറങ്ങിയ മല 4. സൂര്യൻ വെളിച്ചം പകർന്നു 5. ഞാൻ പറയുന്ന കാര്യം കേൾക്കണം 6. വീടിനുപിന്നിൽ 7. പിൻഭാഗത്ത്.

<u>6. കുറവനും കുറത്തിയും</u>

(കുറവനും കുറത്തിയുമായി അഭിനയിച്ചുപാടുന്ന പാട്ടാണിത്. താൻ പണിയ്ക്കായി പുറത്തുപോകുമ്പോൾ വീട്ടിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നു കുറത്തിയോടു വിശദീകരിക്കുകയാണു കുറവൻ. സുദീർഘമായൊരു ഗാനമാണിത്).

തിനിത്തും തിന്തോ തിനിത്തും തിന്തോ
തിനുവാനാക്കടി കൊറത്തി
കൊറത്തിപ്പുള്ളേള കൊറമഗളെ
കൊറവനങ്ങട്ടു പോന്റേൻ
- തിനിത്തും തിന്തോ
വറുത്ത നെല്ലു മൊറത്തിലിട്ടു
വീശാക്കടി1 കൊറത്തീ
കൊറത്തിപ്പുള്ളേള കൊറമഗളെ
കൊറവനങ്ങട്ടു പോന്റേൻ
- തിനിത്തും തിന്തോ
ആനകുത്തിച്ചാവടിയിലെ
കൂനകുത്തി വിരുത്തിടുവാൻ2
കൊറത്തിപ്പുള്ളേള കൊറമഗളെ
കൊറവനങ്ങട്ടു പോന്റേൻ
-തിനിത്തും തിന്തോ
മുറത്തിലിട്ട വറുത്തനെല്ലു
അയിലാക്കടി3 കൊറത്തി

---

1. പാറ്റുക 2. കൂര പണിയുവാൻ 3. അവിലുണ്ടാക്കുക.

കൊറത്തിപ്പുള്ളേ കൊറമഗളെ
കൊറവനങ്ങേട്ടു പോന്റേൻ
-തിനിത്തും തിന്തോ

## 7. കുഞ്ഞിത്തുമ്പാ കൈത്തുമ്പാ

(കിളയ്ക്കുന്ന സമയത്ത് അദ്ധ്വാനഭാരം അറിയാതിരിക്കാൻ അന്യോന്യം പരിഹസിച്ചു പാടുന്നു).

തിനിത്തും തിന്തോ തിനിത്തും തിന്തോ
തിനിത്തും തിന്തോ താനേ.
നടുവേല്[1] നിക്കണെ പന്തത്തലച്ചീ
നിന്റെ നിരപോട്ടെ കൈനിരപോട്ടെ
ഏതേതു മലകേറി പോകടീ തുമ്പാ
കുഞ്ഞിത്തൂമ്പാ കൈത്തൂമ്പാ
- തിനിത്തും തിന്തോ
അരികേല്[2] നിക്കണെ മന്തീമൊകറീ
നിന്റെ നിരപോട്ടെ കൈനിരപോട്ടെ
ഏതേതു മലകേറി കൊത്തടീ തുമ്പാ
കുഞ്ഞിത്തൂമ്പാ കൈത്തൂമ്പാ
- തിനിത്തും തിന്തോ
തൂരത്തു[3] നിക്കണെ കപ്പാളവയറീ
നിന്റെ നിരപോട്ടെ കൈനിരപോട്ടെ
ഏതേതു മലകേറി ചേകടീ തുമ്പാ
കുഞ്ഞിത്തൂമ്പാ കൈത്തൂമ്പാ

1. നടുവിൽ 2. അരികിൽ 3. ദൂരെ

മുത്തൻ വെട്ടിയ ഇയലുംതടിമേ1
ഒരുകാലെടുത്തും കൊണ്ടോന്തും കളിയോ
ഏതേതു മലകേറി വെട്ടടീ തുമ്പാ
കുഞ്ഞിത്തുമ്പാ കൈത്തുമ്പാ
തിനിത്തും തിന്തോ തിനിത്തും തിന്തോ
തിനിത്തും തിന്തോ താനേ

## 8. നെല്ലുകുത്തുപാട്ട്

തന്താനാനെത്തന്നാനെ തന
തന്താനാനെത്തന്നാനെ
വീചി വീചി കുത്തായിലെ
വാതലടി കല്ലുരലും
പാശുക്കല്ലു കിളുത്തുക്കാരി
കിളുകിളുപ്പെ കൊണ്ടക്കാരി
കാള നല്ല കറുത്തകാള
കണ്ണു രണ്ടും മൈലുക്കാള
തന്താനാനെ തന്നാനെ
മൂന്നാറ്റിക്കും തേവികുളത്തിക്കും
മൂന്നേ മുന്നടി റോട്ടീ പാതം
മുപ്പതാക്കു തൂക്കണ മരം
മൂങ്കിത്തീയിൽ വളന്ത മരം
തർക്കാരിലെ2 ഏന്ത മരം
വെള്ളാടർ3 വളക്കും കാള
തന്താനാനെത്തന്നാനെ തന
തന്താനാനെത്തന്നാനെ

---

1. ഇലവുമരം 2. സർക്കാരിന്റെ 3. വെള്ളാള ജാതിക്കാർ

### 9. നെല്ലുകുത്തു പാട്ട്

കുത്തടി കുത്തടി ചെയ്നക്കാ
കുനിത്തു കുത്തടി ചെയ്നക്കാ
പത്തലിലെ പാവയ്ക്കാ
തൊങ്കുതടീ ലോലക്കാ
പുത്തുമേലെ ലോനയ്ക്കാ
ഒത്തുശേർന്ത് വീശ്ക്കാ
കുത്തടി കുത്തടി ചെയ്നക്കാ
കുനിത്തു കുത്തടി ചെയ്നക്കാ

### 10. വുശിയുള്ള പൊണ്ണ്[1]

(കാട്ടിലേയ്ക്ക് ഒറ്റയ്ക്കു പോയി വിറകു ശേഖരിക്കാൻ തനിക്ക് ഭയമില്ലെന്നറിയിക്കുന്നു)

വുറകു കാനം നാനറിവേ
[2]വരയും വളിയും നാനറിവേ
യാന[3] പുലി ആട്ടാനറിവേ
കമ്പിരുക്കേ[4] കത്തിയിരുക്കേ
വിറളി പെട്ട മാനല്ല നാൻ
കൂട്ടുക്ക് വുശിയുള്ള പൊണ്ണല്ലവാ
വുറാകു കാടു നാനറിവേ
വരയും വളിയും നാനറിവേ

---

1. ഉശിരുള്ള പെണ്ണ് 2. മലയും വഴിയും അറിയാം 3. ആന 4. വടി

## 11. കുമ്മിയടിപ്പാട്ട്

(പ്രായപൂർത്തിയായ പെൺകുട്ടിക്ക് അവളുടെ അമ്മ 'ശട്ടം' കൊടുക്കുന്നതാണിവിടെ പ്രതിപാദ്യം)

1തിണ്ണയെ തിണ്ണയെ തൂറുങ്കടീ
തെറൂത്തിണ്ണയെ തൂറങ്കടീ
തിണ്ണയെ തിണ്ണയെ തുറുങ്കടീ
തെറൂത്തിണ്ണയെ തൂറുങ്കടീ
2തേക്കടി കാരൈ നിടുകം കൊയ്യാമറം റെമ്പൂ
കൊയ്യാപ്പൂ കൊയ്തുവന്ത രതിയെ രത്തിനക്കിളിയെ
തിണ്ണയെ തിണ്ണയെ തൂറുങ്കടീ
തെറൂത്തിണ്ണയെ തൂറുങ്കടീ

3കൊാമളിക്കരൈ നിടുകം നാവൽപ്പയം റെമ്പൂ
നാവൽപ്പയം നെറൈന്തുവന്ത രതിയെരത്തിനക്കിളിയെ
4അടുപ്പേറി തീ പത്തവൈ പൊണ്ണേ
പാത്തിരം കള്ളുവി5 വയ്യുങ്കടി പൊണ്ണേ
ശൊല്ലറ് കേളടി വേലയേ പാരടി
വൂടിൻ ചുത്തം6 കാപ്പാത്തടി
ഉള്ളിൾ ചുത്തം7 കാപ്പാത്തടി
കുമ്മിയടീ പൊണ്ണ് കുമ്മിയടീ.

---

1. മുറ്റം അടിച്ചു വൃത്തിയാക്കുക 2. തേക്കടി കരയിൽ നിറയെ പേരമരം 3. കുമളി കരയിൽ നിറയെ ഞാവൽപ്പഴം. 4. അടുപ്പിൽ തീപിടിപ്പിക്ക് 5. കഴുകി 6. വീടിന്റെ ശുദ്ധം 7. മനസ്സിലെ ശുദ്ധം.

## 12. കോവിലൻ പാട്ട്

(കാണാതായ കൊവിലനെയന്വേഷിച്ച് നാടാകെ കരഞ്ഞു കൊണ്ടു നടക്കുകയാണ് കണ്ണകി)

അല്ലിലാലോ അല്ലിലാലോ
ചാമി പുറന്തയിടമല്ലിലാലോ
ഏലത്തടയളക് അല്ലിലാലോ
രെക്കമുള്ള താമ്പൂര[1]മല്ലിലാലോ
അറുരപ്പടന്തയിടം അല്ലിലാലോ
വിയപാരി വൂട്ടയിടം അല്ലിലാലോ
കുങ്കുമാമരം അല്ലിലാലോ
നാൻകൂടേപ്പുറന്തയിടം അല്ലിലാലോ
ആകാശക്കാലമതു അല്ലിലാലോ
ആളുക്കൊരു തേശമതു അല്ലിലാലോ
കൂടാരച്ചോലയിലെ അല്ലിലാലോ
കൂടുവണ്ടിക്കാളപോലെ അല്ലിലാലോ
വെള്ളിക്കൊട്ട മൂണാറ് അല്ലിലാലോ
തങ്കക്കൊട്ട അടിമുടി അല്ലിലാലോ
വടിച്ചെറിഞ്ച കണ്ണീര് അല്ലിലാലോ
തെക്കേത്തി കമ്മാള്[2] അല്ലിലാലോ
തിറുണ വല്ലി ആശാരി അല്ലിലാലോ
പെട്ടിപ്പുതുപ്പെട്ടി അല്ലിലാലോ
മത്തിയാന മൽവേട്ടി[3] അല്ലിലാലോ
പൊന്നാല മൽവേട്ടി[4] അല്ലിലാലോ

---

1. തംബരു 2. കമ്മാളജാതി 3. രണ്ടുമടക്കുള്ള വേഷ്ടി 4. കസവുവേഷ്ടി

മരുതേയ്ക്ക്[1] മേർകുളത്ത് അല്ലിലാലോ
മാരിയമ്മ തെപ്പക്കുളം[3] അല്ലിലാലോ
വടിച്ചെറിഞ്ച കണ്ണീര് അല്ലിലാലോ
മാരിയപ്പൻ തെപ്പക്കുളം അല്ലിലാലോ
ചന്തണ മാമര[4] അല്ലിലാലോ
ചാമി പുറന്തയിടം അല്ലിലാലോ

ആടടയും മന്തയില് അല്ലിലാലോ
ചാമി പുറന്തയിടം അല്ലിലാലോ

## 13. ഒപ്പാര് പാട്ട്

തെക്കുപക്കത്തെ പുറന്തയിടം
തെന്നാട്ടു പാപ്പാത്തി
തെകുതപ്പി വന്താല്
ശൊല്ലിടുവേ അടയാളം
വടക്കുത്തറ വാസലില്
കിളക്കുത്തറ വാസലില്
കുളവുമാ അടയാളം
തെക്കുത്തറ വാസലില്
വാകമരോം അടയാളം
മുന്നനാലെയാ വാസലില്
പൂമരമാ അടയാളം

---

1. മധുര 2. മേലെയുള്ള ക്ഷേത്രം 3. ചെറിയ അരുവി 4. ചന്ദനമരം

## മന്നാൻ പാട്ടുകൾ

### 14. ദൈവപ്പാട്ട്

നല്ല പൊന്നും മുല്ലൂരാനാണ്ടവാ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ പാടിടുവേൻ
നല്ല പൊന്നും കാഞ്ചാത്ത് മുത്തിയേ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ ആടിടുവേൻ
നല്ല പൊന്നും തെക്കിൻ ചവരിമലയിലയ്യപ്പനേ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ പാടിടുവേൻ
നല്ല പൊന്നും നാടാണിയച്ചനെ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ പാടിടുവേൻ
നല്ലപൊന്നും കോഴി കൂവനാണ്ടവനെ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ ആടിടുവേൻ
നല്ല പൊന്നും വാശാറുവാണ്ടവനെ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ പാടിടുവേൻ
നല്ലപൊന്നും ആടിപ്പിശമുത്തിയെ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ ആടിടുവേൻ
നല്ലപൊന്നും കാടാടമുത്തിയെ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ പാടിടുവേൻ
നല്ല പൊന്നും മാടത്തു മുത്തിയെ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ ആടിടുവേൻ
നല്ല പൊന്നും ചുത്തുവിര പകവാനേ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ പാടിടുവേൻ
നല്ല പൊന്നും വാശാത്തു മുത്തീ ഉങ്കളുടെ
പൊൻപാദം വണങ്കി നാങ്കൾ ആടിടുവേൻ

നല്ല പൊന്നും മരുതായില് അമ്മാളുടെ
പൊൻപാദം വണങ്ങി നാങ്കൾ ആടിടുവേ

## 15. ശില്ലറപ്പാട്ട്

(കുസൃതി കാണിച്ചുനടന്ന് അപകടം വരുത്തി വെയ്ക്കരുതെന്നു കുട്ടികളെ ഉപദേശിക്കുന്നു)

ചേടിയോരെ1 പോകവേണ്ട
ചേകനാകം കൊത്തിടുവേ
പിത്തുമേലേ2 മകനെയേറവേണ്ട
പിത്തുനാകം3 കണ്ടവ തീണ്ടിടുവേ
കല്ലുമേലെ മകനെയേറവേണ്ട
കല്ലുരുണ്ടു പോലായ മോശം പോലാ
മരത്തു മെലെ മകനെ യേറവേണ്ട
മരമൊടിഞ്ഞു പോലായ മോശമുണ്ടാം.

## 16. ആചാരപ്പാട്ട്

(മന്നാന്മാർ ആചാരപ്പാട്ടുകൾ പാടിയതിനു ശേഷമാണു കൂത്ത് ആരംഭിക്കുന്നത്)

4കാൽവിത്തിയ കത്തവർക്ക്
കാൽ വിളിപ്പാർത്തൊണ്ട് നാനടിയേ കേള്

---

1 ചെടികൾ നിറഞ്ഞ കുറ്റിക്കാടിനരികേ. 2. പുറ്റ് മേലെ 3. പുറ്റിനുള്ളിലെ പാമ്പ് 4. കാൽവിദ്യ വശമാക്കിയവർക്ക്

[1]അരവിത്തിയ കത്തവർക്ക്

അരവിളിപ്പാർത്തൊണ്ട് നാനടിയേ കേള്

[2]മുള്ളു വിത്തിയ കത്തവർക്ക്

മൂണു പങ്കുതൊണ്ട് നാനടിയേ കേള്

(കാൽവിദ്യയും അരവിദ്യയും അഭ്യസിച്ച് എല്ലാമറിയാമെന്ന ഭാവം കാണിക്കരുതെന്ന് ഉപദേശിക്കുന്നു. പാടാൻ പോകുന്നതെല്ലാം തെറ്റില്ലാതെ കൂടെപ്പാടണം എന്ന് ആവശ്യപ്പെടുകയാണു തുടർന്നുള്ള വരികളിൽ)

ചന്തമുള്ള തളങ്കിയ[3] കോവിലൻ കഥൈ കേള്

[4]തവരിടാമേ പിരിയമോട്

ശേർന്ത് പാടിവിട്

പാവിമുണ്ട വരണമാലയമ്മ[5] കഥൈകേള്

തവരിടാമേ പിരിയമോട്

ശേർന്ത് പാടിവിട്

അളകുള്ള പരുവതാ പത്തിനി[6] കണ്ണകൈ[7] കഥൈകേള്

തവരിടാമേ പിരിയമോയ്

ശേർന്ത് പാടിവിട്

മാതകൈപ്പെണ്[8] തേവതാശിക്കഥൈ കേള്

തവരിടാമേ പിരിയമോട്

ശേർന്ത് ശേർന്ത് പാടിവിട്

താന താന തനാനാനാ......

---

1. അരവിദ്യ വശമാക്കിയവർക്ക് 2. മുഴുവിദ്യ വശമാക്കിയർക്ക് 3. തിളങ്ങിയ 4. തെറ്റുകൂടാതെ പ്രിയമോടെ 5. കോവിലന്റെ അമ്മ 6. പത്നി 7. കണ്ണകി 8. മാധവി.

## 17. ഏയ് കുട്ടി ഏയ് കള്ളുതേ.........

(പട്ടണത്തിൽ പോയി വരുമ്പോൾ എന്തെല്ലാം വാങ്ങിക്കൊണ്ടുവരണമെന്നു കോവിലൻ കണ്ണകിയോടു ചോദിക്കുന്നതാണു രംഗം)

കോവിലൻ:

ഏയ് കുട്ടീ ഏയ്കള്ളുതേ ഏയ് മുത്തു

എന്നന്ന വേണുമടീ

കണ്ണകി:

കാതുക്ക് ഓലകൾ[1] പണിഞ്ചിട്ടാലും

കാതിലു പോട്ടുക്കിറേൻ

-ഏയ് കുട്ടീ ഏയ് കള്ളുതേ....

കവുത്തുക്ക്[2] ശെരപ്പണി[3] പണിഞ്ചിട്ടാലും

കവുത്തുക്ക് പോട്ടുക്കിറേൻ

-ഏയ് കുട്ടീ ഏയ് കള്ളുതേ....

കയ്യുക്കു കാപ്പുകൾ[4] പണിഞ്ചിട്ടാലും

കയ്യുക്കു പോട്ടുക്കിറേൻ

-ഏയ് കുട്ടീ ഏയ് കള്ളുതേ....

കാലുക്കു തണ്ടകൾ[5] പണിഞ്ചിട്ടാലും

കാലുക്കു പോട്ടുക്കിറേൻ

- ഏയ് കുട്ടീ ഏയ് കള്ളുതേ....

---

1 കമ്മലുകൾ 2. കഴുത്തിൽ 3. മാലയുരുപ്പടികൾ 4. വളകൾ 5. കാൽത്തളകൾ

നഹറകൾ[1] വാങ്കിയ മിച്ചപ്പണത്തുക്ക്[2]

[3]ശീലൈകൾ വാങ്കിത്താങ്കോ

ഏയ് കുട്ടീ ഏയ് കളുതേ ഏയ് മുത്തു

എന്നന്ന വേണുമടീ.

## 18. കോമാളിപ്പാട്ട്

അവാശിന്നാ[4] അവാശി

ആലാംപെട്ടി അവാശി

റുട്ടക്കുണ്ടിക്ക് ലവുക്ക തയിശ്ശത്[5]

പോട്ട് പാര് അവാശി

ചിങ്കപ്പൂരു വേണോമടി

ചില്ലുക്കുചുപ്പയും[6] വേണോമടി

കാന്തല്ലൂരു വേണോമടി

കണ്ണാടിച്ചുപ്പയും[7] വേണോമടി

അവാശിന്നാ അവാശി

ആലാംപെട്ടി അവാശി

കുനിഞ്ച കുണ്ടിക്കു നേരെ

നിമിർന്ത നെഞ്ചിക്കു നേരെ

[8]സന്തിലെന്നാ പൊന്തിലെന്നാ

ഇടിക്കിലെന്ന പുടിക്കിലെന്നാ

നീയും നാനും ഒന്നുതാൻ.

---

1. ആഭരണങ്ങൾ 2. ബാക്കി പണം കൊണ്ട് 3. വസ്ത്രങ്ങൾ വാങ്ങിത്തരൂ. 4. പാട്ടി (വൃദ്ധ) 5. റവുക്ക തയിച്ചത് 6. സില്ലുക്കു ജുബ്ബ 7. കണ്ണാടി ജുബ്ബ 8. ഏത് ഇടുക്കിലായാലും മുടുക്കിലായാലും.

## 19. നീതൊട്ടതെല്ലാം പൂമണത്തു

(മന്നാന്മാർ താരാട്ടു പാട്ടിനു രോരോരോ പാട്ടെന്നു പറയുന്നു. വളരെ ലളിതവും സരളവുമാണ് ഇതിന്റെ ആഖ്യാനരീതി)

രാരീരോ ഓ ഓ രാരീരാരീരോ
യേൻ ഓരമത്1 കണ്ണാ നീയാ
യേൻ പൂവാ നീയുറങ്ക് മഹനെ
യേൻ മഹനുക്കുനീയുറക്ക് മഹനെ
രാരീരോ ഓ ഓ രാരീരാരീരോ
യേൻ അളകാന2 മഹനുക്ക് അളകമുകം വൈത്തകണ്ണും
യേൻ മഹനുക്കു നീയടിച്ചേവനെ ശൊല്ലിത്തറൂ
യേൻ മഹനുക്ക നീയൊരത്തവനെ3 ശൊല്ലിത്താറൂ
രാരീരോ ഓ ഓ രാരീരാരീരോ
യേൻ പൂവുക്കു തൊട്ടികെട്ടി5 മഹനെ
തൊട്ടിലിലേ യേൻ മഹനുങ്കുറങ്കൂ
യേൻ മഹനുക്ക് നീതൊട്ടേതെല്ലാം പൂമാണത്തൂ5
അമ്മാവുക്കു നീ തൊട്ടേതെല്ലാം പൂമാണത്തൂ
നിൻ അപ്പാവുക്കു നീ തൊട്ടേതെല്ലാം പൂമാണത്തൂ
രാരീരോ ഓ ഓ രാരീരാരീരോ
യേൻ പൂവാ നീയുറങ്ക് മഹനെ
യേൻ മഹനുക്കു നീയുറങ്കുറങ്ക്.

---

1. അരികത്ത് 2. സുന്ദരനായ 3. ദ്വേഷ്യപ്പെട്ടവനെ 4. തൊട്ടിൽകെട്ടി 5. പൂവ് മണക്കുന്നു.

## മലപ്പുലയപ്പാട്ടുകൾ

### 20. പാപ്പാത്തി

[illegible]

തന്താന നാനീന തന്നാനെ

തന്താന നാനീന തന്നാനെ

മുല്ലപ്പൂം പോലവ പാത്തിരുക്കേ

കുത്തുമ്മലയിലെ പാപ്പാത്തി - തന്താന നാനീന

മുടിയുള്ള മലയില്പൂത്തിരുക്കും

കുത്തുമ്മലയിലെ പാപ്പാത്തി - തന്താന നാനീന

പുല്ലും മലയിലെ കന്നുംകുട്ടി

കുത്തുമ്മലയിലെ പാപ്പാത്തി - തന്താന നാനീന

മുത്തുക്കുലങ്ങണ പാപ്പാത്തി

മുല്ലപ്പൂ പോലവ പാത്തിരുക്കേ - തന്താന നാനീന

### 21. എരുതു വരുതെടാ വെളയാടാൻ

(മാട്ടുപ്പൊങ്കലിന് കാളയെ ഓടിച്ചിട്ടു പിടിക്കുന്ന ഒരു വിനോദമുണ്ട്. മാടിന്റെ നിറമനുസരിച്ച് പാടുന്നു. കാളയെ പിടികിട്ടുന്നതു വരെ പാടും)

വെള്ളമാട് :

വെള്ളരുതു1 വരുതെടാ വളയാടാൻ

വെലങ്കി നിന്ത്2 പുടിയെടാ വെളയാടാൻ

---

1. വെള്ളക്കാള 2 വിലങ്ങനെ നിന്ന്

കറുത്തമാട്:

കാരെരുതു വരുതെടാ വെളയാടാൻ

കറങ്കിനിന്തു പുടിയെടാ വെളയാടാൻ

മറുകുള്ള മാട്:

മറുകെരുത് വരുതെടാ വെളയാടാൻ

മറൈന്തു നിന്തു പുടിയെടാ വെളയാടാൻ

ചുവപ്പ് മാട്:

ചൊവാലക്കാള വരുതെടാ വെളയാടാൻ

ചൊവ്വയാ നിന്തു പുടിയെടാ വെളയാടാൻ

പുള്ളിയുള്ള മാട്:

പുള്ളിയെരുതു വരുതെടാ വെളയാടാൻ

പുടിച്ചു നിന്തു പുടിയെടാ വെളയാടാൻ

## 22. കണ്ണാനെക്കണ്ണേ നീയുറങ്കു

രാരീരാരോ കണ്ണേ രാരീരാരോ

കണ്ണാനെ കണ്ണേ നീയുറങ്കു

കാനകത്തിൽ മയീ1 തൂങ്കതു പോല നീ

കണ്ണേ മുത്തേ നീയുറങ്കു

പൊന്നേ കണ്ണേ എൻ പൂമായിലെ

പൂമാരത്തിൻ നിയലും2 പാത്ത്

കണ്ണാനെ കണ്ണേ നീയുറങ്കു

മറുതായിലുന്നുടെ തായ്മാമനു

ശിന്ന കൂടാരവും വിയപാരവും4

2 മയിൽ 2. നിഴൽ 3. മധുര 4. വ്യാപാരം

മറുതയിലുന്നുടെ തായ്മാമന്നു വാത്തുക്കോഴീം1
പിന്നെ മല്ലികപ്പൂവും താ വിയപാരം
രാരീരാരോ
കോടി മല്ലികപ്പൂം വെലയാന ശൊർണം2
3വാങ്കി വരുവാറ് ഉന്നമാമൻ
കണ്ണാനെക്കണ്ണേ ഉൻ മാമൻ
4അമ്മളോട് ചേർന്തു പുറന്തെ മാമൻ
ശൊർണക്കൊലുസ്സും വാങ്കിവറേൻ
രാരീരാരോ കണ്ണേ രാരീരാരോ
കണ്ണാനെ കണ്ണേ നീയുറങ്കു

### 23. കുമ്മിയടിപ്പാട്ട്

കുമ്മിയടീ കുമ്മിയടീ
കുമ്മിയടിപ്പൊണ്ണ് കുമ്മിയടീ
5കോളാരം ശൊല്ലര് കുമ്മിയടീ
കാണ്ക്ക് കാണ്ക്ക് കുമ്മിയടീ
കുമ്മിയടീ കുമ്മിയടീ
കുമ്മിയടിപ്പൊണ്ണ് കുമ്മിയടീ
കേളത് ശൊല്ലി കേട്ട്ക്ക് നീ
6പുടിച്ച വാത്തയ് ശൊല്ലറു നീ
വടക്കാണി തശയിലും7 കുമ്മിയടീ
തെക്കാണി തശയിലും8 കുമ്മിയടീ

1. താറാവ് 2. സ്വർണ്ണം 3. അമ്മാവൻ വാങ്ങി വരുന്നുണ്ട് 4. അമ്മയുടെ ഉടപ്പിറന്നവൻ 5. നല്ലകാര്യങ്ങൾ പറഞ്ഞ് 6. ഇഷ്ടപ്പെട്ട വാർത്ത ചൊല്ലി 7. വടക്കുദിശ 8. തെക്കുദിശ

കുനിഞ്ഞ് നിന്ത് കാൽതട്ടി കൈതട്ടി

തിരിഞ്ഞ് നിന്ത് കൈതട്ടി കാൽതട്ടി

കുമ്മിയടീ കുമ്മിയടീ

കോളാരം ശൊല്ലി കുമ്മിയടീ

കണ്ണുക്കളെഹാന ചിത്തിരക്കിളിയേ

കുട്ടയടിക്കടി പെൺമണിയേ

1വാളപ്പോകിടം നല്ലതു താൻ യത്

ശൊല്ലിയാടി കുമ്മിയടി

അണ്ണനുമക്കനും ഒതുക്കു വന്ത്

കോളാരം ശൊല്ലി കുമ്മിയടി കുമ്മിയടീ കുമ്മിയടീ

കോളാരം ശൊല്ലി കുമ്മിയടീ

## 24. എന്നിടം വന്ത് ശൊല്ലിപ്പോടീ

(കാട്ടിൽ ആടുമേയ്ക്കാൻ മറ്റുള്ളവരോടുചേർന്നു പോകുന്ന തന്റെ പ്രേമഭാജനത്തെ നോക്കി പുരുഷൻ ഒളിഞ്ഞു നിന്നുപാടുന്നു. പെണ്ണ് മറുപടിയും പറയുന്നു. ഒരു വിനോദ ഗാനമാണിത്.)

ആണ്

2കട്ട് വുറാകു കട്ടിക്കിട്ട്

കടനടയാ3 പോറ പെണ്ണേ

കട്ടു വുറാകു കുത്തിയിട്ട്

എന്നിടം ശേർന്ത് ശൊല്ലിപ്പോടീ

---

1. വിവാഹം കഴിച്ചു പോകുന്നയിടം നല്ലതാണ് 2. കാട്ടിലെ വിറക് കൂട്ടിക്കെട്ടി 3. വളരെ വേഗത്തിൽ നടക്കുന്നു.

പെണ്ണ്:
(ആളെ അറിയാത്ത ഭാവത്തിൽ)
യാര്ത് യാര്ത് കന്ന്ക്കാരാ1
അണ്ണനൊ തമ്പിയോ ശൊല്ല് നീങ്കേ
വെക്കമിരുന്താല്2 ആശൈയിരുന്താല്
എന്നിടം വന്ത് ശൊല്ലിപ്പോടൊ
ആണ്:
(നീരസത്തോടെ)
അടടി പെണ്ണേ ശാട്ടസുറപ്പെണ്ണേ
കണ്ടാറോളിപ്പെണ്ണേ ശലുപ്പപ്പയലേ
കട്ട് വുറാകു കുത്തി വച്ച്
എന്നിടം ശൊല്ലിപ്പോട്ട് പോടീ
പെണ്ണ്:
യാര്ത് കെട്ടയിരപ്പാളി നീ
3എടുത്തു വളത്തണ പുള്ളതാനാ
യാരിത് യാരിത് തെരിയ പോയാ
4ചണ്ടയാ ചണ്ടയാ എന്ന പുണിയം
ആണ്:
അടീ വന്തവൻ നാനെടി കെട്ട പുള്ളേ
ശത്തം ശൊല്ലുന്നത് നാനെ താണ്ടി
5ഉന്നെ വാളവെപ്പത് നാനെ താണ്ടി
വാത്തയിൽ വെപ്പതും നാനെ താണ്ടി

1. കന്നുകാലിയെ മേയ്ക്കുന്നവൻ 2. ധൃതിയുണ്ടെങ്കിൽ 3. അനാഥൻ 4. ശണ്ഠ കൂടിയാൽ എന്തു പുണ്യം 5. നിനക്ക് ജീവിതം തരുവാൻ പോകുന്നവൻ ഞാനാണ്.

## മലയരയന്മാരുടെ പാട്ടുകൾ.

### 25. കളിയൊരുക്കം

അത്തിക്കുന്നിൽ മാമരമുകളിൽ
കൊത്തിനിരത്തിത്തടവുമതാക്കി
കല്ലു നിരത്തിപ്പന്തലുമിട്ട്
അഴകൊടു വെള്ളി വിളക്കും വച്ച്
വിളക്കിനു വലമേ ചുറ്റിത്തൊഴുത്
മാതാവിൻകഥ പാടിയെടുത്ത്
1കൊച്ചൊരു ഭീമൻ ചുവടു ചവുട്ടി
ചെമ്പട പൂവട കരിമ്പട കൊണ്ട്
ഉശിരൊടു കൊണ്ടവർ കളികൾ തുടങ്ങി.

### 26. സീതാപഹരണം

ജടായു :

എങ്കിലിന്നു കേട്ടുകൊൾവിൻ തിങ്കൾമൗലി ജാനകിയെ
പത്തികണ്ടൻ2 കട്ടെടുത്ത കഥ ചൊല്ലുവേൻ
പെൺകുലത്തി പാതിവ്രത്യമുള്ളവളെ ഹരിപ്പാനായ്3
പത്തുകണ്ടൻ4 ഒരു നാളിലൊറച്ചു കള്ളൻ
നല്ല ശ്രീരാമനും താനും ലച്ചണനും5 സിതയുമായ്
കാട്ടിൽ പോയിട്ടധിവാസം ചെയ്തൊരു കാലം

---

1. ചെറിയതും വലിയതുമായ ചുവടുകൾ 2,4. രാവണൻ 3. കട്ടെടുക്കുവാനായി 5. ലക്ഷ്മണൻ

പിച്ചവേഷം1 ധരിച്ചോരു രാക്ഷസരാവണൻ വന്നു
ഈച്ചിരിയാം2 സീതയെക്കട്ടെടുത്തു പോയി
പക്ഷിരാജൻ കണ്ടടുത്തടുത്തുനോക്കി
ലച്ചി3 തന്നെയായുറച്ചു തടുത്തു ചൊല്ലി
നില്ലടാ നീ പത്തികണ്ടാ രാമദേവൻ തൻ സീതയെ
ഹരാഹരമതു ചെയ്‌വാൻ ചിതമോ കള്ളാ
വൻ കുലത്തിലാണ്ടവളെ4 കൊണ്ടുപോകാനായി വന്ന
കള്ളനായ നിന്നെയിപ്പോൾ വിടുവോ ഞാന്
രഘുനാഥൻ തന്റെ ദൂതൻ ഞാനെന്നറികെടൊ
മൂഢനായ പെണ്ണുകള്ളാ കേട്ടു കൊണ്ടാലും
ആരാടാ നിന്നുടെയാശാൻ കാട്ടിലെക്കുറുക്കച്ചനോ
പൊണ്ണനായ നിന്നെ കൊത്തിക്കൊല്ലുവേ ഞാന്
കട്ടുതിന്നാൻ തരം നോക്കിക്കാട്ടിൽ വന്നുകിടക്കണ
ചണ്ടിയായ5 നിന്റെയാശാൻ മൂഢനായൊന്നേ
മുറുത്തു6 വന്നു ഭവിക്കയുള്ളൂ ഇവളെക്കട്ടതുമൂലം
തർക്കമില്ലിവിടെ നിന്നൊളിച്ചു പോടാ.

രാവണൻ:

ചത്തു ചീഞ്ഞ ശവങ്ങളെ തിന്നു നീളെ നടക്കണ
കൂരിപ്പക്ഷി കുരയ്ക്കുന്ന ചിത്രമിതോർത്താൽ
അല്പനായ ജടായുവേ നിന്റെ മോഹമെത്ര ചിത്രം
ഘോരമായി തകർപ്പാനെക്കൊണ്ടുതോന്നുന്നു.

---

1. ഭിക്ഷുവേഷം 2. ഈശ്വരി 3. ലക്ഷ്മി 4. വലിയ കുലത്തിൽ ജനിച്ചവൾ 5. ചണ്ഡാളൻ 6. മൃത്യു

കാക്കയിൽപ്പൂവനോ നീ മരംകൊത്തിയോ കഴുകനോ
ശവം തീനിക്കിതു കാലം മുറുത്തുവന്നടുത്തല്ലോ
മുക്കുവന്മാർ വലവീശിയെടുക്കുന്ന സമയത്ത്
മത്തികൊത്തിപ്പറക്കുന്ന എലുമ്പൻ കൊക്കെ
പെണ്ണിനെ കൊണ്ടുപോയാൽ തടുപ്പാനെന്തൊരു കാര്യം
കണ്ണുരണ്ടും തെറിച്ചുപോം ഇല്ല സംശയം
വിണ്ണവർ നായകൻ[1] തന്നെ ജയിച്ച രാവണൻ ഞാന്
എന്നൊരു വാർത്തയുമിപ്പോൾ കേട്ടറിവില്ലെ
പഞ്ഞനൊ പാണനൊ പഞ്ഞിക്കൊശവനോ പറയെനോ
മുക്കുവനോ നിന്റെ തന്ത പറക തെണ്ടി
പരിഹാസം പറഞ്ഞവൻ നീ ധരിയ്ക്ക കൊക്കേയിപ്പോ
ശവം തീനിക്കിതിനാലും മുറുത്തു വന്നടുത്തല്ലോ

ജടായു :

എന്തിനെറെപ്പറയുന്നു തന്തയില്ലാക്കുഞ്ഞിനോട്
എന്തിനേറെപ്പറഞ്ഞെന്നാൽ തന്തയുണ്ടായ് വരുമോടാ
ബാലീയേപ്പോലൊരു വീരൻ താനിതെന്നറിഞ്ഞാലും
പക്ഷിരാജൻ ഞാനിതെന്ന് ധരിക്ക കള്ളാ
നീശനായ[2] നീയുമിന്നു സീതയെക്കട്ടതുമൂലം
നിന്നെ എല്ലു തല്ലിയൊടിച്ചു ഞാൻ കൊല്ലുവേ
കൊക്കുപോലെ വളഞ്ഞുള്ള നക്കിനിന്റെ വാക്കുകേട്ടാൽ
കൊക്കു നീട്ടിക്കൊത്തുവാനെക്കൊണ്ടു തോന്നുന്നു.

---

1. ശിവൻ 2. നീചൻ

## 27. ഉരുൾപൊട്ടൽ

തിത്തൈതികിതെയ് തീകിത തികിതെയ്
തെയ് തെയ് തീകിത തികിതെയ്
കൊല്ലമൊരായിരത്തൊരുനൂറ്റി ഒമ്പതിൽ
ഇരുവത്തിനാലാണ്ടാങ്ങിടവത്തിലായ്
പുതു പറമ്പസ്തമിച്ചർത്തൊരു രാത്തിരീൽ[1]
വെള്ളക്കലയലൊ[2]ന്നുണ്ടായല്ലോ
[3]മാങ്കൊമ്പു മാന്താനം ചെലവു വെള്ളന്താനാം
വമ്പൻ കോഴിക്കോടങ്ങാന്താനവും
ചലവംമല ചെലവം മുടി കൊടുവൻതൻ മുത്തോടു
അതിനോടു ചേർന്നുള്ള മലയിൽ നിന്നേ
ഇത്തരം മല നിന്നു സത്തരം[4] കോവിച്ചു[5]
പെട്ടെന്നു പൊട്ടിയൊലിച്ചു മാരി
[6]കെമ്പിയലങ്കാരം കായാങ്കുളം തൊടുപുഴ
കാരിക്കോട്ടമ്പലം മൂടിപ്പോയി
പാലവും മുങ്ങിക്കവിഞ്ഞു കലയലിൽ
കമ്പിയാപ്പീസു മലിഞ്ഞുപോയി
കലക്കവെള്ളം കണ്ടുതുലുക്കനെല്ലാം[7] കൂടി
അലക്കുന്നയ്യോ നെഞ്ചിലിടിക്കുന്നയ്യോ
അലുക്കിയും മാതന്റെ അലിക്കുത്തും കിലിക്കുത്തും
ഒടുക്കത്തെക്കെള്ളുതല്ലെന്നവള്ളു ചൊല്ലി

---

1. അർദ്ധരാത്രിയിൽ 2. വെള്ളപ്പൊക്കം 3. സ്ഥലപ്പേരുകൾ4. സത്വരം 5. കോപിച്ചു 6 സ്ഥലപ്പേരുകൾ 7. മുസൽമാൻ.

അലിക്കുത്തും കിലിക്കുത്തും എനിക്കില്ലാതെ പോട്ടെ
കലക്കത്തണ്ണീപ്പെട്ടു മരിക്കട്ടെള്ളാ
തെങ്ങാലാമരുന്ന ചീരവച്ചോത്തിയും[1]
തെറ്റിത്തെറിച്ചങ്ങു വീണുപോയി
കേളൻ മകൻ തന്റെ ക്ലപ്പതു[2] മുങ്ങിട്ടു
കൽത്തോടെ[3] ചോർക്കറി സമുദ്രത്തിലേ
ലോകം നശിച്ചെന്നു എല്ലാവരുമുറപ്പിച്ചു
കേവലം നിന്നങ്ങലറീടുന്നു.
ക്ലപ്പു കാപ്പിക്കട ചവ്വളിക്കട[4] മുക്കിക്കട
പെമ്പള്ളിക്കൂടം[5] പല വസ്ത്രക്കടയും[6]
പിന്നെപ്പറയുന്ന പേരുടെ കഷ്ടത
എന്നാപ്പറവതിനാവതല്ലേ
എണ്ണയും വേളളവും പേറ്റിപ്പെറ്റി[7]ച്ചന്ത
പാറിപ്പാറിപ്പാറി നീളെ നീളെ
പിന്നെ കൈയെണ്ണ വെളിച്ചെണ്ണ നല്ലെണ്ണ
മയിലെണ്ണകുയിലെണ്ണ വേപ്പണ്ണയും
പിന്നെയുടുമ്പിൻനെയ് മുള്ളനെയ് പന്നിനെയ്
കൊമ്പൻനെയ് വെട്ടുനെയ് പാട്ടനെയ്യ്
തായിന്താ തകിടക തെയ് താ തിത്തൈ
താ തിത്തൈ തകിടകതെയ്.

---

1. ചീരവ എന്നുപേരുള്ള ചേകോത്തി 2. ക്ലബ്ബ് 3. കലത്തൊടെ 4. ജവുളിക്കട 5. പെൺപള്ളിക്കൂടം 6. ഭസ്മക്കട 7. മുക്കിമുക്കിക്കളഞ്ഞ്.

[1]ഏലത്തിരി കരുവേലം അരിപ്പോട്ടിൽ നാഗപ്പൂ
ജാതിക്കാ തീനപ്പാ എന്നു വേണ്ട
ഉപ്പുമുളകിൽ മഞ്ഞളു മല്ലിയും
എള്ളു വറുത്തതും കാപ്പിക്കുരു
തായിന്ത തകതൈത്തെ.

## 28. മലയരയൻ

(നാട്ടിലെ തമ്പുരാക്കന്മാർക്ക് ആവശ്യത്തിനു മരം മുറിച്ചു കൊടുക്കുന്ന ചുമതല കാടുവാഴികളായ മലയരയന്മാരുടെതായിരുന്നു).

വാളും വാളരമൊക്കെയെടുത്തു
ചിറ്റുളി ചീരുളിയൊക്കെയെടുത്തു
നെടിയ മുഴക്കോലാകെയെടുത്തു
ചുറുതിയൊടെ നട കൊള്ളുന്നരയൻ
നെടിയൊരു മലയിക്കേറുന്നരയൻ
കുറുകെ നടയും കൊള്ളുന്നരയൻ
വീട്ടിനു നല്ലൊരു വീട്ടിമരങ്ങളും
മണ്ണിനു നല്ലൊരു മൈലമരങ്ങളും
വെട്ടിനു തെളിവായ് നമ്പൊങ്ങയണി
അറീയിലയണി പിലാവുകളെല്ലാം
നെടിയതു[2] കണ്ടം നാലു കുറിച്ചു
കുറിയതു[3] കണ്ടം നാലു കുറിച്ചു
[4]ഇമ്മരമൂട്ടിത്തേവാതികളും
തേവാതികളെ മാറ്റിനിർത്താൻ

---

1. അങ്ങാടി മരുന്നുകൾ. 2. വലിയത് 3. കുറിയത്. 4.മരത്തിലുള്ള ദേവതകൾ.

ഇമ്മരമൂട്ടി കുരുതീം വേണം.

ഒന്നാം മഴുകൊണ്ടോങ്ങുന്നരയൻ

ഒന്നങ്ങോങ്ങി ഒന്നങ്ങുവെട്ടി

രണ്ടാം മഴുകൊണ്ടോങ്ങുന്നരയൻ

രണ്ടങ്ങോങ്ങി രണ്ടങ്ങുവെട്ടി

മൂന്നാം മഴുകൊണ്ടോങ്ങുന്നരയൻ

മൂന്നാം വെട്ടിനു പൂളുതെറിച്ചു

പൂളു തെറിച്ചു തലയിനുമീതെ

പൂളു തെറിച്ച പലം[1] ചൊല്ലരയാ

അടിയന്റെ തല പഴുത്തേ പോകും

പൂള് തെറിച്ച പലം ഞാൻ ചൊല്ലാ

പൂളു തെറിച്ച പലം ചൊല്ലരയാ

കോയിക്കലു[2] പണി കൊറ തീരുമ്പം

മേപ്പോട്ടേയ്ക്കൊരു തീപ്പൊഹ കാണാം

തെക്കതു വെന്തു വടക്കതു വെന്തു

പക്കം വെന്തു പടിപ്പുര വെന്തു

ചുറ്റും വെന്തു തൂരം വെന്തു

നെല്ലുകൾ വിത്തുകൾ എല്ലാം വെന്തു

കീളൊരു മേൽപ്പുര തായ്പ്പുര വെന്തു

പല്ലക്കൊമ്പടി ചാവടി വെന്തു

കോയിക്കലു പണി കൊറ തീരുമ്പം

മേപ്പോട്ടേയ്ക്കൊരു തീപ്പൊഹ കാണാം

1. ഫലം 2. കോവിലകം

## 29. മലയാറ്റൂർ മല

(മതപരിവർത്തിതരായ മലയരയന്മാർ പാടുന്ന കമ്പുകളി, ചവിട്ടുകളി പാട്ട്)

തിത്തൈ തികിതെയ് തീകിടതികിതെയ്
തെയ്തെയ് തികിതെയ് തീകിടതികിതെയ്
മാരാനരുള്ളു പെറ്റ മലയാറ്റൂര് തെയ്തെയ്
നായിക്കന്മാരവര് നായാട്ടുകാര് തെയ്തെയ്
നായാടിച്ചെന്നവര് കണ്ട കുരിയെ[1] തെയ്തെന്
കണ്ട കുരിയൊന്നു പൊന്നിൻ കുരിയാണെ തിത്തൈ
വീരാളിപ്പട്ടുകൊണ്ടു മൂടിയവരു പിന്നെ
വേഗമറിയിച്ചല്ലോ യോഗക്കാരെല്ലാവരേം
യോഗക്കാരറുപത്തിനാലു പേർ കൂടീട്ടു തെയ്
എഴുതീട്ടയച്ചല്ലോ വരാപ്പുഴയ്ക്കും തെയ്തെയ്
ഈ നാടുവാഴുന്ന മെത്രാനച്ചായിന്നു തിത്തൈ
നമുക്കു പോകണമല്ലോ മലയാറ്റൂര് തിത്തൈ
ഇത്രേയും വലിയൊരു മലമുകളിലു നമ്മൾ
എങ്ങനെ പോകുന്നു യോഗക്കാരെ പറയുവിൻ
ഇത്രേയും കേട്ടപ്പോഴാ നേരത്തു യോഗക്കാരും
തലതാഴ്ത്തി നിന്നിതല്ലോ കൂട്ടമായ് തിത്തൈതക തെയ്

---

1. കുരിശ്.

കാട്ടാന കാട്ടുസിമ്മം[1] കാട്ടുകരടി പോത്തു
കൂട്ടമായ് ഓടിവന്നു വഴിതെളിച്ചു തിത്തൈ
ഇത്രേയും കണ്ടോരു നേരത്തു അച്ചനുമവരും
സന്തോഷമായങ്ങു നിന്നിടുന്നു തിത്തൈതകതെയ്
കൈകൂപ്പി മുട്ടുമൂന്നി[2] പത്തിയോടെ[3] എല്ലാപേരും
പാർത്തിച്ചു[4] സന്തോഷമായ് നൂറുന്നു[5] തിത്തൈ തകതെയ്
മലമുകളേറുവാനായ് യാത്രയൊരുങ്ങിയവർ
മുത്തുക്കുടയും തഴുക്കുടയും കൂടെയെടുത്തു
കൈക്കുയി[6]യുമൊന്നുമൊപ്പം കൂടെയെടുത്തുയവർ
പൊന്നുംകുരിയു[7]മെടുത്തിതല്ലോ തിത്തൈതകതെയ്
യാത്രതുടർന്നു മലമുകളേൽ കേറും നേരം
ദൃഷ്ടിയിൽ കാണുന്നു പൊൻകുരിയെ തിത്തൈതകതെയ്
മുട്ടുകളൂന്നിയവർ കൈതൊഴ്തു പത്തിയോടെ
പാർത്തിച്ചു സന്തോഷമായ് ചൊല്ലീടുന്നു തെയ് തിത്തൈ
പള്ളിക്ക് അവരന്നു കല്ലിട്ടു കൈ തൊഴുതു
പള്ളിയും തീർത്തു വലിയൊരു മുറിയും തീർത്തു
ആണ്ടിൽ കുർവാന[8] ഒന്നു കാണാൻ വരുന്നവർക്കായ്
നന്മകൊടുക്കേണേ പൊൻകുരിശു മുത്തപ്പാനേ[9]

---

1. കാട്ടുസിംഹം 2. മുട്ടുകളൂന്നി 3. ഭക്തിയോടെ 4. പ്രാർത്ഥിച്ചു
5. നിവരുന്നു 6. കൈക്കുരിശ് 7. പൊൻക്കുരിശ് 8. കുർബ്ബാന
9. മുത്തപ്പൻ.

## മുതുവാന്മാരുടെ പാട്ടുകൾ

### 30. കാട്ടിലെ പുരുസനു പൈട്രിയം വന്താ....

(നാട്ടിലെ ആനക്കൊമ്പനു മദം പൊട്ടിയാൽ ഇരുമ്പു ചങ്ങലകൊണ്ടു മരത്തിൽ കെട്ടിയിടും. കാട്ടിലെ പുരുഷനു 'മദം പൊട്ടിയാൽ' എന്തുചെയ്യും എന്ന ചോദ്യത്തിന്, കാട്ടിലെ പുരുഷനു മദം പൊട്ടിയാൽ പെണ്ണ് അവളുടെ കൈകൊണ്ടുചേർത്തു മുലയിൽ കെട്ടിയിടും എന്ന് ഉത്തരം കൊടുക്കുന്നു)

ആണ്:

നാട്ടുക്കു യാനക്കു പൈട്രിയം വന്താ
പൂട്ട്ണ ശെങ്കിലി ഇരുപ്പുതാ
കട്ട്ണ മാമരം കാട്ടുമറം
കാട്ട്ക്ക് പുരുസന് പൈട്രിയം വന്താ
പൂട്ട്ണ ശെങ്കിലി യേതേത്
കട്ട്ണ മാമരം യേതേത് ശൊല്ലടി
വല്ലാമക്കാരി ശെം പെറുക്കേ

പെണ്ണ്:

കാട്ട്ക്ക് പുരുസന് പൈട്രിയം വന്താ
പൂട്ട്ണ ശെങ്കിലി പൊൺകയ്യുതാ
കട്ട്ണ മാമരം പൊൻമുലതാ
വല്ലാമക്കാരാ കന്നുക്കാരാ

---

1. ഭ്രാന്ത് 2. ചങ്ങല

## 31. പാണ്ടിമേലെ പെയ്യുമള...

(ആദിവാസിസമുദായത്തിനു മുറച്ചെറുക്കനെ കെട്ടേണ്ടവളാണ് മുറപ്പെണ്ണ്)

മുറിയാത മുഞ്ചി1 മുറിശ്ശ്
2അസ്സയാത പാണ്ടികെട്ടി
പാണ്ടികെട്ടിയതാമ്പുളയാ
പെന്റി3 വരാ പാത്തിരുപ്പേ
പെന്റിവരാ കാത്തിരുപ്പേ
ഇരുട്ടേല്4 പെമ്പുളയാ
കൂട്ടിരുപ്പാ5 പാണ്ടിയേറി
പാണ്ടിമേലെ പെയ്യുമള6
എൻ കൊമരിപ്പൂണ്ടേ7 പെയ്യാതെയാ

## 32. പൂഞ്ചൊാറം

8ഈലാത വാള വെട്ടി നാൻ
എളവാള9 നാറുറുവി10 നാൻ
തൂറത്തി പെൺകളുക്ക്12 നാൻ
തൊടുത്തൻ13 പൊന്നു പൂഞ്ചൊാറം
തൊടുത്തൻ പാരു പൂഞ്ചൊാറം14

---

1. മുള 2. കുലുങ്ങാത്ത മാടം കെട്ടി 3. പന്നി 4. രാത്രി 5. കൂട്ടിരിക്കാൻ 6. മഴ 7. യോനിയിൽ 8. കുലയ്ക്കാത്ത വാഴവെട്ടി 9. ഇളംവാഴ 10. നാരു വലിച്ച് 11 ദൂരദേശത്തുള്ള 12 പെണ്ണിന് 13. കോർത്തു 14 പൂമാല

## 33. കൊല്ലുതടീ ഉന്നാളൈ...

1മുല്ല തിരുളാളെ
മുറി മുലക്കമ്പു പാലാളെ
ശെമ്പകത്തി ശെം പെറുക്കേ
കൊല്ലുതടി ഉന്നാളൈ
കുളവഞ്ചി പാലാളെ
കൊല്ലുതടീ ഉന്നാളൈ
താൻറിയപ്പാ2 നാന്താനെ
ചോൾന്തു വാടീ യേൻ കൂരേയ്
വള്ളിപോലത്തെയ്വാണി3 പോലാ
വാഴ്കവെപ്പും വാ മയിലേ

## 34. മുരുകപ്രാർത്ഥന

ചൂലായുധം4 കിട്ട യെമൻ തൂതൻ5 കാലൻ
ചോൾന്തുകൊണ്ടു6 വന്താലെന്നാ
വെറ്റി വേലായുധാ വന്ത്
7നാ അളയ്ക്കും വേളൈയില്
മാലാല വള്ളി തേയ്വാനായ് വുട്ടു
മയിലു വുട്ട് എങ്കെ കാലാല നടന്തു വാ
എന്റെ കണ്ണേതിരെ8 വര വേലായുധാ.

1. സുന്ദരി 2. പാവം 3. വള്ളിയും തൈവാണിയും 4. ശൂലം 5. ദൂതൻ 6. ചുറ്റും നിന്ന് 7. കഷ്ടപ്പെടുന്ന സമയത്ത് 8. കണ്ണിനുമുമ്പിൽ.